# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1755 22.03.2012 ൽ മറുപടിയ്ക്ക്**

**<u>തീവ്രവാദ ബന്ധം ആരോപിക്കപ്പെട്ടവരുടെ ഇ-മെയിൽ വിവരങ്ങൾ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. കെ.ടി. ജലീൽ**<br>**ശ്രീ. ബാബു. എം. പാലിശ്ശേരി** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) തീവ്രവാദ ബന്ധം ആരോപിക്കപ്പെട്ട വരുടെ ഇ - മെയിൽ ശേഖരിക്കുന്നതിലേയ്ക്ക് ഗൂഗിൾ, യാഹു തുടങ്ങിയ ഇ-മെയിൽ സേവനദാതാക്കളെ ആഭ്യന്തര വകുപ്പ് സമീപിക്കുകയുണ്ടായോ; ഗുരുതരമായ തീവ്രവാദ കേസ് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പട്ടികയിൽപ്പെട്ടവരുടെ ഇ-മെയിൽ വിവരങ്ങൾ അടങ്ങിയ സി.ഡി.കൾ പോലീസിൽ ലഭിച്ചത് എപ്പോഴായിരുന്നു; അവ എത്ര ജിഗാബൈറ്റ് സൈസിലുള്ളതാണ്; ഹൈടെക് സെല്ലിൽ സി.ഡികളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ;<br><br>(സി) ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണ്; | (എ) യും (ബി) യും (സി) യും<br><br>തീവ്രവാദബന്ധം ആരോപിക്കപ്പെട്ടവരുടെ ഇ-മെയിൽ വിവരങ്ങൾ ശേഖരിക്കുന്നതിലേയ്ക്ക് സേവനദാതാക്കളെ സമീപിച്ചിട്ടില്ല. എന്നാൽ ഒരു നിരോധിത സംഘടനയുമായി ബന്ധപ്പെട്ട ഒരു ആളിൽനിന്നും ലഭിച്ച 267 ഇ-മെയിൽ ഐ.ഡി.കളുടെ മേൽവിലാസങ്ങൾ അറിയാൻ പോലീസ് ആസ്ഥാനത്തെ ഹൈടെക് എൻക്വയറി സെൽ മുഖാന്തരം നടപടി സ്വീകരിച്ചിരുന്നു. രഹസ്യ സ്വഭാവമുള്ളതിനാലും ആഭ്യന്തര സുരക്ഷയുമായി ബന്ധപ്പെട്ടതായതിനാലും ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

(ഡി) ഈ വിവരങ്ങൾ പുറത്തുവിട്ടതിന് ഏതെങ്കിലും മാധ്യമങ്ങളുടെയോ, ഉദ്യോഗസ്ഥന്റെയോ പേരിൽ ക്രിമിനൽ കേസ് എടുക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) സ്പെഷ്യൽ ബ്രാഞ്ച് ആസ്ഥാനത്തു നിന്ന് പോലീസ് ആസ്ഥാനത്തുള്ള ഹൈടെക് ക്രൈം എൻക്വയറി സെല്ലിലേയ്ക്ക് അയച്ച രഹസ്യസ്വഭാവമുള്ള കത്തിലെ വിവരങ്ങൾ ചില മാധ്യമങ്ങൾക്ക് ചോർത്തി നൽകിയത് സംബന്ധിച്ച് അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ ജോലി നോക്കി വന്നിരുന്ന റിസർവ് സബ് ഇൻസ്പെക്ടർ ശ്രീ. എസ്. ബിജുവിനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും ടിയാനെതിരെ ഔദ്യോഗിക രഹസ്യനിയമത്തിലേയും പോലീസ് ഫോഴ്സ് (റെസ്ട്രിക്ഷൻ ഓഫ് റൈറ്റ്സ്) ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്യുകയും ക്രൈം ബ്രാഞ്ചിനു കീഴിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പോലീസ് നിരീക്ഷണത്തിന് തയ്യാറാക്കിയ ലിസ്റ്റിൽപ്പെട്ടവർ ഏറെയും ഏതെങ്കിലും ഒരു സമുദായത്തിൽപ്പെട്ടവരാണോ; എങ്കിൽ ഏത് സമുദായത്തിൽപ്പെട്ടവരാണെന്ന് അറിയിക്കുമോ?

(ഇ) ഏതുപേരിലും ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്യാവുന്നതാണെന്നിരിക്കെ ഇ-മെയിൽ ഐ.ഡി.കളിൽ നിന്നും അവ ആരുടേതാണെന്നോ അവർ ഏതു സമുദായത്തിൽപ്പെട്ടവരാണെന്നോ വ്യക്തമായി അറിയാൻ സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ